**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5595** **13-08-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും ഗുണമേന്മയുള്ള ശുദ്ധജലം തടസ്സരഹിതമായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ കുടിവെള്ള വിതരണം മുടങ്ങാതെ നടക്കുന്നതിനായി നിലവിലുള്ള പദ്ധതിയിൽ പൂർണമായ ശേഷി ഉപയോഗപ്പെടുത്തിയും സാധ്യമായ ഇടങ്ങളിൽ പുനരുദ്ധാരണം നടത്തി ശേഷി വർദ്ധിപ്പിച്ചും ജലവിതരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുവാൻ കാലഹരണപ്പെട്ട പൈ പ്പുകളും, മോട്ടോർ പമ്പ് സെറ്റുകളും അനുബന്ധ ഘടകങ്ങളും മാറ്റി സ്ഥാപിച്ച് സുഗമമായ ജലവിതരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതികൾ അപര്യാപ്തമായ മേഖലകളിലേക്ക് പുതിയ പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നുണ്ട്. അമൃത്, കിഫ്ബി, ആർ കെ ഐ, സ്റ്റേറ്റ് പ്ലാൻ, ജലജീവൻ മിഷൻ പദ്ധതികൾ, എം എൽ എ/ എം പി ഫണ്ട്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്, ലോക ബാങ്ക് സഹായത്തോടെ യുള്ള ജലനിധി 1 & 2 ഘട്ടം എന്നീ വിവിധ ഫണ്ടുകൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ജലജീവൻ പദ്ധതിയുടെ ലക്ഷ്യമനുസരിച്ച് 2024 ഓടു കൂടി തന്നെ സംസ്ഥാനത്ത് എല്ലാവർക്കും ഗുണമേന്മയുള്ള ശുദ്ധജലം തടസ്സ രഹിതമായി ലഭിക്കുന്നതിന് എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാനുള്ള ചിട്ടയായ പ്രവർത്തനം സംസ്ഥാന സർക്കാർ നടത്തി വരികയാണ്. സ്രോതസ്സിൽ നിന്നും ശേഖരിക്കുന്ന ജലം ശുദ്ധീകരിച്ചു വിതരണം ചെയ്യുന്നതു വരെയുള്ള വിവിധ ഘട്ടങ്ങളിൽ, വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നത് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ജല |

| | | | |
|---|---|---|---|
| | | | ശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ  പ്രാഥമികഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽ തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു പദ്ധതികളിൽ ജലം അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന കുടി വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി സാംപിളുകൾ ശേഖരിച്ച് അതോറിറ്റിയുടെ ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐഎസ് 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോ എന്നു ഉറപ്പാക്കി, പരിശോധന ഫലം വേണ്ട നിർദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . സ്റ്റേറ്റ് പ്ലാൻ 1. ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- അർബൻ മേഖലയുടെ ശാക്തീകരണം- ഫേസ്  II  10 കോടി രൂപയുടെ  പ്രവർത്തനം.  2022 ഫെബ്രുവരിയോട് കൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന്  പ്രതീക്ഷിക്കുന്നു. നബാർഡ് പദ്ധതികൾ 1.  കൊല്ലം ജില്ലയിലെ മേലില ഗ്രാമ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി 1040.10 ലക്ഷം രൂപ അടങ്കൽ തുകയുടെ പ്രവൃത്തി. 2022 ഡിസംബറോടു കൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2.     ഇടുക്കി  ജില്ലയിലെ മുട്ടം, ,കരിംകുന്നം ,കുടയത്തൂർ (ഭാഗികം) പഞ്ചായത്തുകൾക്ക് 6114 ലക്ഷം രൂപ ഫേസ് 1 പ്രവർത്തി. 2023 മാർച്ചിന് ഈ പദ്ധതി പൂർത്തീകരിക്കുവാൻ    കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.  കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിക്ക് ഭരണാനുമതി നൽകിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന സുസ്ഥിരതാ പദ്ധതിയുടെ ഭാഗമായി ജലനിധി പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ പുനരുദ്ധരിച്ച് നവീകരിക്കുന്നതിന് വേണ്ടി Sustainability Support to Community Managed Water Supply Scheme |

| | | | |
|---|---|---|---|
| | | | ൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ ഭരണാനുമതി 2021-22 ൽ നൽകിയിട്ടുണ്ട്. |
| (സി) | ഇവ എന്നത്തേക്ക് പൂർത്തികരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . സ്റ്റേറ്റ് പ്ലാൻ 1. ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- അർബൻ മേഖലയുടെ ശാക്തീകരണം- ഫേസ് II 10 കോടി രൂപയുടെ പ്രവർത്തനം. 2022 ഫെബ്രുവരിയോട് കൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നബാർഡ് പദ്ധതികൾ 1. കൊല്ലം ജില്ലയിലെ മേലില ഗ്രാമ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി 1040.10 ലക്ഷം രൂപ അടങ്കൽ തുകയുടെ പ്രവൃത്തി. 2022 ഡിസംബറോടു കൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2. ഇടുക്കി ജില്ലയിലെ മുട്ടം, ,കരിംകുന്നം ,കുടയത്തൂർ (ഭാഗികം) പഞ്ചായത്തുകൾക്ക് 6114 ലക്ഷം രൂപ ഫേസ് 1 പ്രവർത്തി. 2023 മാർച്ചിന് ഈ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിക്ക് ഭരണാനുമതി നൽകിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന സുസ്ഥിരതാ പദ്ധതിയുടെ ഭാഗമായി ജലനിധി പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ പുനരുദ്ധരിച്ച് നവീകരിക്കുന്നതിന് വേണ്ടി Sustainability Support to Community Managed Water Supply Scheme ൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ ഭരണാനുമതി 2021-22 ൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ